(സി) സ്റ്റേഷന് ആവശ്യമായ സ്ഥലം നഗരസഭ വിട്ടുനൽകാൻ തയ്യാറായിട്ടുള്ള സാഹചര്യത്തിൽ നടപടികൾ ത്വരിതപ്പെടുത്തുമോ ?

ഉത്തരം

(എ) കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് നൽകിയ അപേക്ഷയിൻമേൽ ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് കമാണ്ടന്റ് ജനറലിന്റെ റിപ്പോർട്ട് ലഭ്യമാക്കി പരിശോധിച്ചുവരികയാണ്.

(ബി) ഉണ്ട്. റിപ്പോർട്ടിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.*

(സി) കൊയിലാണ്ടിയിൽ സ്ഥിരമായി ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിനായി മുനിസിപ്പാലിറ്റി റോഡിൽ ഹോമിയോ ആശുപത്രിക്ക് സമീപം നഗരസഭ വാങ്ങിയ 28 സെന്റ് സ്ഥലത്തിനടുത്ത് 22 സെന്റ് സ്ഥലം വാങ്ങി 50 സെന്റ് സ്ഥലം ഫയർ ഫോഴ്സിന് അനുവദിക്കാം എന്നുള്ളതാണ് കൊയിലാണ്ടി നഗരസഭയുടെ തീരുമാനം. സ്ഥലം കൈമാറി ലഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ കൊയിലാണ്ടി നഗരസഭ താൽക്കാലികമായി ഒരുക്കിയിരിക്കുന്ന കെട്ടിടത്തിൽ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് പര്യാപ്തമാണോ എന്ന് പരിശോധിച്ചുവരുന്നു.

## സർക്കാർ ഉദ്യോഗസ്ഥരുടെ അഴിമതി സംബന്ധിച്ച വിജിലൻസ് അന്വേഷണം

**227 (1897)** ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഴിമതിയുമായി ബന്ധപ്പെട്ട് സർക്കാർ ഉദ്യോഗസ്ഥന്മാർക്കെതിരെ എത്ര കേസുകൾ വിജിലൻസ് അന്വേഷണത്തിലുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) 2013 ജനുവരി മുതൽ ഡിസംബർ 31 വരെ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) അഴിമതിയുമായി ബന്ധപ്പെട്ട് സർക്കാർ ഉദ്യോഗസ്ഥർക്കെതിരെ മൊത്തം 336 വിജിലൻസ് കേസുകൾ നിലവിൽ അന്വേഷണത്തിലുണ്ട്.

(ബി) 2013 ജനുവരി മുതൽ ഡിസംബർ 31 വരെ 134 വിജിലൻസ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

## വിവരാവകാശ നിയമം-വിജിലൻസ് പരിശോധന

**228 (1898)** ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവരാവകാശനിയമത്തിന് വിരുദ്ധമായി നഗരസഭകളിൽ നടക്കുന്ന പ്രവൃത്തികൾ കണ്ടെത്തുന്നതിനായി വിജിലൻസ് വിഭാഗം നഗരസഭകളിൽ പരിശോധന നടത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly